I/652191/2024

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/171/2024-A9 തീയതി: 24-01-2024

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - Recognition of Prior Learning under Crafts Instructor Training Scheme- 2023-24 Academic Session - സംബന്ധിച്ച്:-

സൂചന:- 1. Recognition of Prior Learning under CITS ന്റെ 26.04.2022 തീയതിയിലെ DGT-11011/5/2022-O/o Dir(CFI) നമ്പർ പ്രകാരമുള്ള മാർഗരേഖ.

2 . 26.12.2023 തീയതിയിലെ DGT/11011/26/2022-O/o-DIR(CFI) (E-50800) പ്രകാരമുള്ള ആക്ടിവിറ്റി ഷെഡ്യൂൾ

3. 17.01.2024 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

***********

ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ലാത്തതും, ടീച്ചിംഗ് മേഖലയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയമുള്ളതുമായ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർ Recognition of Prior Learning under 2023-24 Academic Session ൽ രജിസ്റ്റർ ചെയ്യുന്നതിന് സൂചന(3) പ്രകാരം നിർദേശം നൽകിയിരുന്നു.

എന്നാൽ, RPL രജിസ്ട്രേഷൻ പൂർത്തിയാകുന്ന 07.02.2024 തീയതിയിൽ 3 വർഷം പൂർത്തിയാകില്ലായെന്നും, ആയതിനാൽ വർക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ സേവനം കൂടി പരിഗണിച്ച് RPL പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കാൻ നിരവധി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സൂചന (1) RPL Guidelines ഖണ്ഡിക 4 (iii) പ്രകാരം RPL പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഇൻസ്ട്രക്ടർ തസ്തികയിൽ കുറഞ്ഞത് 3 **വർഷത്തെ ടീച്ചിംഗ് എക്സ്പീരിയൻസ് അത്യാവശ്യമാണ്.** ആയതിനാൽ മേൽ പ്രകാരമുള്ള ആവശ്യം ഇതിനാൽ നിരസിക്കുന്നു.

എന്നാൽ, സൂചന (2) പ്രകാരമുള്ള ആക്ടിവിറ്റി ഷെഡ്യൂളിൽ 3 വർഷത്തെ പ്രവർത്തി പരിചയം ഏത് തീയതിയിൽ ഉണ്ടായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ RPL Online Training ആരംഭിക്കുന്ന 18.03.2024 തിയതിയിൽ ഇൻസ്ട്രക്ടർ തസ്തികയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം പൂർത്തിയാകുന്ന ജീവനക്കാർക്ക് Recognition of Prior Learning under 2023-24 Academic Session ലേയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ടി രജിസ്ട്രേഷൻ RPL Guidelines ഖണ്ഡിക 10 ന

വിധേയമായിരിക്കും.

നിലവിൽ മൂന്ന് വർഷമോ അതിലധികമോ സേവനമുള്ള ജീവനക്കാരിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയിക്കാത്ത ജീവനക്കാർ R P L മുഖേന പരീക്ഷ എഴുതുന്നതിന് രജിസ്റ്റർ ചെയ്യുന്നില്ല എങ്കിൽ അവർ സ്വമേധയാ ട്രെയിനിംഗിൽ നിന്നും ഒഴിവായതായി പരിഗണിക്കുന്നതാണ്. അവർക്ക് തുടർന്നുള്ള സ്ഥാനക്കയറ്റങ്ങളിൽ KCSC Rule-6 ന്റെ ആനുകൂല്യം ലഭിക്കുന്നതല്ല.

SIVASANKARAN K P

ADDITIONAL DIRECTOR OF TRAINING

<u>സ്വീകർത്താവ്:</u>

ഇൻസ്ട്രക്ടർ തസ്തികയിലെ എല്ലാ ജീവനക്കാരും
(സ്ഥാപന മേധാവി മുഖേന)

<u>പകർപ്പ് :-</u>

1. എല്ലാ സ്ഥാപനമേധാവികളും
2. വകുപ്പ് വെബ്സൈറ്റ്